**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേട്**

23 (6728) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും എത്ര കോടി രൂപയുടെ മരുന്ന് വാങ്ങിയിരുന്നു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മറ്റേതെങ്കിലും പൊതുമേഖലാ മരുന്നു കമ്പനികളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തു എന്നും ഉപയോഗം കുറവായിരുന്ന മരുന്നുകൾ വിതരണക്കാരെ തിരികെ എടുപ്പിക്കുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വീഴ്ചവരുത്തിയതുമൂലം ഖജനാവിന് 2.91 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നുമുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2013-14 സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും 12.42 കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിൽ നിന്നും 2014-15 സാമ്പത്തിക വർഷം മരുന്നു വാങ്ങുന്നുണ്ട്. ഇതുകൂടാതെ ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിംസ് & മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്, ബംഗാൾ കെമിക്കൽസ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കർണ്ണാടക ആന്റിബയോട്ടിക്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മുൻ വർഷങ്ങളിൽ മരുന്നു വാങ്ങിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം**

24 (6729) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനത്തിലെ അപാകതകളെക്കുറിച്ചുള്ള ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-ൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏത്ര രൂപയുടെ മരുന്നു ശേഖരിച്ചു എന്നും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിച്ച മരുന്നുകൾ ഏത്ര തുകയ്ക്കുള്ള മരുന്ന് അതിലുൾപ്പെടുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരമാണ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ച് മരുന്നു സംഭരണം നടത്തുന്നത്. ഇതിൽ അപാകതയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു സംഭരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തുക (രൂപയിൽ) |
|---|---|
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത് | 10,16,61,139 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത് | 12,42,33,325 |
| സ്വകാര്യ മേഖലയിൽ നിന്നും മരുന്നു വാങ്ങിയത് | 2,44,98,16,513 |
| ആകെ | 2,67,57,10,977 |

**അന്ധതാ നിവാരണ പ്രവർത്തനങ്ങൾ**

**25 (6730)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധകർ ഇല്ലാത്തതിനാൽ അന്ധതാനിവാരണ പ്രവർത്തനങ്ങൾ അവതാളത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒപ്റ്റോമെട്രിസ്റ്റുകൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികളിലെ നേത്രവൈകല്യങ്ങൾ ആരംഭത്തിലേ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെല്ലാം ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുമോ ;

(ഡി) കേരളത്തിലെ സഞ്ചരിക്കുന്ന കണ്ണാശുപത്രികളിൽ മതിയായ വാഹനം ലഭ്യമാണോ ; സഞ്ചരിക്കുന്ന കൂടുതൽ കണ്ണാശുപത്രികൾ ആരംഭിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly